**POLICE** **DEPARTMENT**

**KERALA**

**No. G2-34012/2021/CC**
City Police Office,
Kozhikode
✉cpkkd.pol@kerala.gov.in
📞04952722673
Dated. 26-07-2021

**ലേല പരസ്യം**

കോഴിക്കോട് ജില്ല പോലീസ് മേധാവിയുടെ അധികാര പരിധിയിലുള്ള എലത്തൂർ സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന പഴയ പോലിസ് ക്വാർട്ടെർസുകളായ XXII 304 to XXII/ 317 എന്നീ നമ്പരുകളിൽ ഉള്ള 14 കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനായി 12/08/2021 തീയതി പകൽ 11 മണിക്ക് എലത്തൂർ പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരത ദ്രവ്യമായ 5000/- രൂപ (അയ്യായിരം രൂപ ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ തുക അടച്ചതിൻറെ demand draft കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ 11/08/2021 തീയതി വൈകീട്ട് 5 മണി വരെ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടാതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്. പരസ്യ ലേലം അവസനിച്ചലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരത ദ്രവ്യം കഴിച്ച്) 18% GST + 1% പ്രളയ സെസ്സും ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വതിലും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതല്ലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 10/08/2021 വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവില 10 മണി മുതൽ 4 മണിവരെ എലത്തൂർ സ്റ്റേഷൻ ഹൌസ് ഓഫിസറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റി വെക്കുന്നതിനും ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരുക്കുന്നതാണ്.



George A V IPS

Deputy Inspector General of Police

| | | |
|---|---|---|
| To | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും വ്യാപക പരസ്യം ചെയ്യുന്നതിനായി. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ, കോഴിക്കോട് പത്ര പരസ്യം ചെയ്യുന്നതിനായി. എസ് എച്ച് ഓ എലത്തൂർ, വ്യാപക പരസ്യം ചെയ്യുന്നതിനായി |
| Copy To | : | കോഴിക്കോട് സിറ്റി യിലെ എല്ലാ ഓഫീസർ മാർക്കും ലേല പരസ്യ നോട്ടീസ് , നോട്ടീസ് ബോർഡിൽ പതിക്കുന്നതിനായി |

Internal Administrative Processing System
iAPS
KERALA POLICE